II ഇ.ബി. XIII- കേരള നിയമസഭ/V-11

# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

## 2012 ജൂൺ 25, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

32 (*301) കണ്ണൂർ വിമാനത്താവളം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) തയ്യാറാക്കിയ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ടും റൺവേയുടെ ഡിസൈൻ, എസ്റ്റിമേറ്റ്, ടെൻഡർ ഡോക്യുമെന്റ്സ് തുടങ്ങിയവയും 2012 ഏപ്രിൽ 25-ന് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന് (കിയാൽ) സമർപ്പിച്ചിട്ടുണ്ടെന്നും കിയാൽ-സിയാൽ ഉദ്യോഗസ്ഥരുടെ ചർച്ച അവസാനഘട്ടത്തിലാണെന്നും സഭയെ അറിയിച്ചു. കമ്പനിയുടെ ഡയറക്ടർ ബോർഡാണ് ഡി.പി.ആർ. അംഗീകരിക്കേണ്ടത്. പ്രസ്തുത പദ്ധതിക്കായി ഇതുവരെ ഏറ്റെടുത്ത ഭൂമി യിൽനിന്നും 192.18 ഏക്കർ ഭൂമി കിയാലിന് കൈമാറുകയും 453 ഏക്കർ ഭൂമി 2012 ജൂൺ 30-നകം കൈമാറാൻ നടപടിയെടുത്തിട്ടുമുണ്ട്. ബാക്കിയു

ള്ള 619.28 ഏക്കർ ഭൂമി കിയാലിന് ദീർഘകാലാടിസ്ഥാനത്തിൽ പാട്ടത്തിന് നൽകാനാണ് ഉദ്ദേശിക്കുന്നത്. കിൻഫ്ര നോഡൽ ഏജൻസിയായി ബാങ്ക് വായ്പയിലൂടെ സർക്കാർ ഗ്യാരന്റിയിൽ 350 കോടി രൂപ സമാഹരിച്ച് മൂന്നാംഘട്ടത്തിൽ 785 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുസംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്. ലാന്റ് അക്വിസിഷനുവേണ്ടി 585.17 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 50 കോടി രൂപ ഇതിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ഭൂവുടമകൾക്കുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ഗവൺമെന്റിന് ബോദ്ധ്യമുള്ളതിനാൽ ഭൂവുടമകൾക്ക് ന്യായവില നൽകിക്കൊണ്ടു മാത്രമേ ഭൂമി ഏറ്റെടുക്കുകയുള്ളൂ. 631.14 ഏക്കർ ഭൂമിയുടെ വില നിശ്ചയിക്കുന്നതു സംബന്ധിച്ച തീരുമാനം പുന:പരിശോധിക്കണമെന്ന് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. കണ്ണൂർ വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് എർത്ത് വർക്കിനുള്ള പ്രീ-ക്വാളിഫിക്കേഷൻ/കൺസൾട്ടൻസി ടെൻഡറുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ച് കിട്ടിയിട്ടുണ്ട്. സെസ്സ് പരിസ്ഥിതി പഠനം നടത്തിക്കൊണ്ടിരിക്കുകയാണെന്നും കണ്ണൂർ വിമാനത്താവള നിർമ്മാണം 2014-ന് പൂർത്തിയാക്കാൻ കഴിയുന്ന തരത്തിലാണ് പ്ലാൻ ചെയ്തിരിക്കുന്നതെന്നും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 8 റോഡുകൾ പി.ഡബ്ല്യു.ഡി.യുടെ പാക്കേജിൽ ഉൾപ്പെടുത്തി വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും 350 കോടി രൂപ ചെലവിൽ ഗ്രീൻ ഫീൽഡ് എന്ന റോഡ് നിർമ്മിക്കാൻ

തീരുമാനിച്ചിട്ടുണ്ടെന്നും അതിന്റെ സർവ്വെ നടപടികൾ ഉടൻതന്നെ പുനരാരംഭിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. കേന്ദ്രകമ്പനി നിയമത്തിൽ വന്ന മാറ്റങ്ങളും കമ്പനി രജിസ്ട്രാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങളും സ്വകാര്യ നിക്ഷേപകർക്ക് ഓഹരി നൽകുന്ന പ്രക്രിയ നീണ്ടുപോകുമെന്നുള്ളതു കൊണ്ട് ഓഹരി വില്പന സുഗമമാക്കുന്നതിനുവേണ്ടിയാണ് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രൊമോഷൻ സൊസൈറ്റി (KIAPS) രൂപീകരിച്ചതെന്നും അപേക്ഷകർക്ക് ഇതുസംബന്ധിച്ച് കത്തയയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

33 (*302) <u>വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ രാത്രികാല ഡ്യൂട്ടി</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, സ്റ്റേഷനുകളിൽ വനിതകളെ സൂക്ഷിക്കേണ്ട സാഹചര്യമോ മറ്റ് അടിയന്തിര ആവശ്യമോ ഉണ്ടാകുന്ന സന്ദർഭങ്ങളിലൊഴികെ വനിതാ പോലീസുകാരെ രാത്രി 8 മണി മുതൽ രാവിലെ 6 മണിവരെയുള്ള ഡ്യൂട്ടികളിൽ നിന്നും ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. രാത്രികാലങ്ങളിൽ വനിതാ പോലീസുകാരെ ഒറ്റയ്ക്ക് നിയോഗിക്കരുതെന്നും സമരരംഗത്തുനിന്ന് വനിതകളെ നീക്കം ചെയ്യുന്നതിന് വനിതാ പോലീസുകാരെ നിയോഗിക്കണമെന്നുള്ളതും തുടർന്നുവരുന്നുണ്ട്. പോലീസ് സേനയിൽ പത്ത് ശതമാനം വനിതാ പ്രാതിനിധ്യം നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വനിതാ പോലീസുകാരുടെ പ്രൊമോഷനിലെ അപാകതകൾ പരിഹരിക്കുന്നതാണ്.

പോലീസ് ഉദ്യോഗസ്ഥരുടെ ജോലിഭാരവും മാനസിക സമ്മർദ്ദവും ലഘൂകരിച്ച് പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിനും ജനസൗഹൃദ പോലീസ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി പരീക്ഷണാടിസ്ഥാനത്തിൽ 51 പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം 50 പോലീസ് സ്റ്റേഷനുകളിൽക്കൂടി നടപ്പിലാക്കുന്നതും പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമാണ്. 12-06-12-ലെ ഉത്തരവ് അനുസരിച്ച് പോലീസിന്റെ സേവനം ജനകീയമാക്കുന്നതിന്റെ ഭാഗമായി സ്ത്രീകൾ/കുട്ടികൾ/ആദിവാസികൾ/ വികലാംഗർ/മുതിർന്ന പൗരന്മാർ തുടങ്ങിയവർക്ക് പോലീസ് സ്റ്റേഷനിൽ പോകാതെതന്നെ പരാതി നൽകുന്നതിനുള്ള ഒരു ഫ്ളാഗ് ഷിപ്പ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വനിതകളും വൃദ്ധരും ഒറ്റയ്ക്ക് താമസിക്കുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ചുള്ള കവർച്ചയും അതിക്രമങ്ങളും തടയുന്നതിനായി ഇവരെ ഒരു സർവ്വൈലൻസ് നെറ്റ്‍വർക്കിൽ കൊണ്ടുവരാൻ കഴിയുമോയെന്ന് പരിശോധിച്ചുവരികയാണെന്നും സ്ത്രീകളുടെ മാന്യതയും സ്വകാര്യതയും സംരക്ഷിക്കുന്നതിനുള്ള ഒരു നിയമനിർമ്മാണം നടത്തണമെന്നുള്ളതും മൂന്നാംമുറ പാടില്ലെന്നുള്ളതും ഈ സർക്കാരിന്റെ പ്രഖ്യാപിതനയമാണെന്നും പോലീസ് മാന്യുവൽ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

34(*303) <u>പെട്രോളിന്റെയും നിർമ്മാണവസ്തുക്കളുടേയും വിലവർദ്ധന</u>

ധനകാര്യവും നിയവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, പെട്രോൾ, നിർമ്മാണ വസ്തുക്കൾ,

സാമഗ്രികൾ എന്നിവയുടെ വിലയും കൂലിച്ചെലവും വർദ്ധിച്ചാൽ പദ്ധതി കളുടെ എസ്റ്റിമേറ്റിലും ടെൻഡർ എക്സസിലും സർക്കാരിന്റെ ഇന്ധന ചെലവിലും വർദ്ധനവ് വരുമെന്നും ഈ വർദ്ധനവുകൾ എത്ര ശതമാന മാണെന്ന് കണക്കാക്കപ്പെട്ടിട്ടില്ലെന്നും സഭയെ അറിയിച്ചു. ബജറ്റ് എസ്റ്റി മേറ്റ്സ് നിശ്ചയിക്കുന്നത് കറന്റ് പ്രൈസിന്റെ അടിസ്ഥാനത്തിലാണ്. പദ്ധതി ചെലവിൽ 5% ഇൻഫ്ളേഷൻ ഉൾപ്പെടുന്നതുകൊണ്ടും പദ്ധതി-പദ്ധതിയേ തര ചെലവിൽ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് വർദ്ധനവ് ഉൾപ്പെടുത്തിയി ട്ടുള്ളതുകൊണ്ടും വിലവർദ്ധന സാരമായി ബാധിക്കുകയില്ലെന്നും വിദഗ്ദ്ധ മായ ഫിനാൻഷ്യൽ ആന്റ് ഫിസ്ക്കൽ മാനേജുമെന്റുകൊണ്ട് പ്ലാൻ എക്സ്പെന്റിച്ചർ 91 ശതമാനത്തിൽ നിലനിർത്താൻ സാധിച്ചിട്ടുണ്ടെന്നും ഷെഡ്യൂൾ ഓഫ് റേറ്റ് പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുക്കേണ്ടതുണ്ടെന്നും പെട്രോളിൽ മായം കലർത്തുന്നത് പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടെന്നും പെട്രോളിന്റെ ഉപയോഗം കുറയ്ക്കുന്നതിനും ഒരു വാഹനനയം കൊണ്ടുവരുന്നതിനുമുള്ള ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

35 (*304) <u>സദാചാര പോലീസ്</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സദാചാര പോലീസ് പ്രവർത്തിക്കുന്നില്ലെന്നും സദാചാരം സംരക്ഷിക്കാനെന്ന പേരിൽ അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശനമായ നിയമ നടപടികൾ സ്വീകരിച്ചി ട്ടുണ്ടെന്നും സഭയെ അറിയിച്ചു. സാമൂഹ്യവിരുദ്ധരെ നിയമത്തിനുമുമ്പിൽ

കൊണ്ടുവരാനും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും വിവിധ സന്നദ്ധ സംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ എന്നിവയുടെ സഹകരണത്തോടെ ജനമൈത്രീ പോലീസ് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം നിരീക്ഷണത്തിനായി പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കുകയും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസിന്റെ സഹായം ആവശ്യപ്പെടാൻ പൊതുജനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്നും കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലായി 3 പേർ ഈ അതിക്രമങ്ങളിലുണ്ടായ മാനസികാഘാതത്തിന്റെ ഫലമായി ആത്മഹത്യ ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി 305 മുതൽ 330 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3194 മുതൽ 3547 വരെയുള്ള ചോദ്യങ്ങളിൽ 145 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)